**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ: 2713** | **12.10.2011 ലെ മറുപടിക്ക്**

**<u>സഹകരണ സംഘങ്ങൾക്ക് ഗ്രാന്റ് അനുവദിക്കൽ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) ഗ്രാന്റ് അനുവദിക്കുന്നതിനായി സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെയാണ്; | എ) ഉണ്ട്. നിലവിൽ സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി), പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഇവയ്ക്കുള്ള ധനസഹായം, സംസ്കരണ സഹകരണ സംഘങ്ങൾക്ക് പ്രോൽസാഹനം, ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, നീതി സ്റ്റോറുകൾക്ക് ധനസഹായം, മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം, മാതൃകാ സഹകരണ സംഘങ്ങൾക്കുള്ള സഹായം, വിനോദ സഞ്ചാര പ്രോത്സാഹനത്തിന് സഹകരണ സംഘങ്ങൾക്ക് സഹായം, സഹകരണ സംഘങ്ങളുടെ വികസനത്തിനും പ്രവർത്തന വൈവിദ്ധ്യവൽക്കരണത്തിനുമുള്ള ധനസഹായം, ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതി, പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹകരണ അക്കാഡമിക്ക് നൽകുന്ന സഹായം (CAPE), വിപണന ഇടപെടലിനും സംസ്കരണത്തിനും നൽകുന്ന സഹായം എന്നീ പദ്ധതികൾ പ്രകാരം സർക്കാർ ഓരോ പദ്ധതിയ്ക്കുമായി അംഗീകരിച്ച് നല്കിയ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി സമർപ്പിക്കുന്ന പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾക്ക് ഗ്രാന്റ് അനുവദിച്ച് നൽകി വരുന്നുണ്ട്. |
| ബി) അർഹത നേടിയ സംഘങ്ങൾക്ക് ഗ്രാന്റ് ലഭിക്കുന്നതിന് എന്തെങ്കിലും മുൻഗണനാ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | ബി) ഇല്ല. ചട്ടപ്രകാരം ലഭിക്കുന്ന അർഹമായ പ്രൊപ്പോസലുകളിൽ ബഡ്ജറ്റ് വിഹിതത്തിനനുസൃതമായി ഗ്രാന്റ് അനുവദിച്ച് നൽകിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**